പി.റ്റി.3335/2016 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 21.3.2016

## സർക്കുലർ നമ്പർ 7/2016

വിഷയം: സഹകരണ വകുപ്പ്- ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് പണയാധാര രജിസ്ട്രേഷൻ നടപടികളിൽ സഹകരണ സംഘങ്ങൾക്ക് പരിശീലനം നൽകുന്നത് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന: രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 19.1.2016 ലെ ഐ.റ്റി4/2513/2015 നമ്പർ കത്ത്.

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര രജിസ്ട്രേഷനുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ഗഹാൻ/പണയം ആധാരങ്ങൾ തയ്യാറാക്കുന്നതിലേയ്ക്കുവേണ്ടിയുള്ള പരിശീലനം സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ജീവനക്കാർക്കും/ബാങ്കിതര സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നൽകേണ്ടതിന്റെ ആവശ്യകത സംജാതമായിരിക്കുന്നു. ഇത്തരം പരിശീലനങ്ങൾ നൽകുന്നതിന് കമ്പ്യൂട്ടർ ലാബുകൾ ആവശ്യമായതിനാൽ ടി സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം) തിരുവനന്തപുരം, കണ്ണൂർ, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ) മൺവിള, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ ബാങ്കുകളും ബാങ്കിതര സ്ഥാപനങ്ങളും ടി പരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു. ടി പരിശീലനത്തിന് സ്ഥാപനങ്ങൾ ഈടാക്കുന്ന കോഴ്സ് ഫീസ് അതാത് സംഘങ്ങൾ തന്നെ നേരിട്ട് നൽകണമെന്നും അറിയിക്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:
1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
6. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
7. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ ബാങ്കുകൾക്കും
8. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
9. സഹകരണ വീഥി മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന്
10. സ്പെയർ/ സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)